"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -ലൈഫ് മിഷൻ -വാകത്താനം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായി ജോലി ചെയ്തു വരുന്ന ശ്രീ. അനിൽകുമാർ കെ.യെ പ്രോഗ്രാം മാനേജർ (അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ(ഡി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2672/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/11/2019

പരാമർശം:- 1. 18.08.2017ലെ സ.ഉ (എംഎസ്) നെ.161/2017/തസ്വഭവ

2. 19-10-2019 തീയതിയായി ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ എൽ.എഫ് 10/2017/ലൈഫ് നമ്പർ കുറിപ്പ്.

3. 16-08-2019 തീയതിയായുള്ള ശ്രീ. അനിൽകുമാർ.കെ യുടെ അപേക്ഷ

**ഉത്തരവ്**

ലൈഫ് മിഷന്റെ സംസ്ഥാന ഓഫീസിലെ പ്രവർത്തനങ്ങൾക്കായി ജീവനക്കാരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, പ്രോഗ്രാം മാനേജർ (അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുകയും ലഭ്യമായ അപേക്ഷകരിൽ നിന്നും യോഗ്യരായവരെ അഭിമുഖ പരീക്ഷ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അനിൽകുമാർ.കെ , (സെക്രട്ടറി, വാകത്താനം ഗ്രാമ പഞ്ചായത്ത്, കോട്ടയം ജില്ല) മേൽ തസ്തികയിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ടെന്നും ആയതിനാൽ ടിയാനെ പ്രോഗ്രാം മാനേജർ (അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്നും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അന്യത്രസേവന വ്യവസ്ഥയിൽ ലൈഫ് മിഷനിലെ നിയമനത്തിനായി പരാമർശം (3)പ്രകാരം ശ്രീ. അനിൽകുമാറും അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വാകത്താനം ഗ്രാമ

പഞ്ചായത്ത് സെക്രട്ടറിയായി ജോലി ചെയ്തു വരുന്ന ശ്രീ. അനിൽകുമാർ.കെ യെ ലൈഫ് മിഷനിൽ പ്രോഗ്രാം മാനേജർ ( അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ, നിലവിലുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾക്കു വിധേയമായി ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്:

പഞ്ചായത്ത് ഡയറക്ടർ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

ശ്രീ. അനിൽകുമാർ.കെ,സെക്രട്ടറി, വാകത്താനം ഗ്രാമ പഞ്ചായത്ത്, കോട്ടയം ജില്ല( ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം)

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ